(ബി) നടപടികൾ നടത്തിയിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഏതു സ്കൂളാണ് ഇങ്ങനെ നടത്തിയെന്ന് നിവേദനം കിട്ടിയത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇംഗ്ലീഷ് ഹൈസ്കൂൾ, മഞ്ചിറ.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇതുസംബന്ധിച്ചുള്ള ആർഡർ രണ്ടുമൂന്നു ദിവസം താമസിച്ചാണ് കിട്ടിയതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മഞ്ചിറ സ്കൂളിൽ ഡിസമ്പർ മൂന്നാം തീയതി ഉച്ചക്ക് ക്ലറ്റ മണിക്കുശേഷമാണ് ആർഡർ കിട്ടിയതെന്നും ഉടനെതന്നെ സ്കൂൾ അടച്ചുവെന്നും അറിയിച്ചിട്ടുണ്ട്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ആർഡർ നേരത്തേ അയക്കാതിരിക്കാൻ കാരണമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആർഡർ നേരത്തേതന്നെ അയച്ചിരുന്നു. ചില ദിക്കിൽ അതു വാങ്ങാൻ ആളില്ലാതിരുന്നതുകൊണ്ടോ മറ്റോ സമയത്തു കിട്ടിയില്ലെന്നു വന്നിരിക്കാം.

ശ്രീ. അലക്സാണ്ടർ വാകയിൽ: ചെല്ലാനം സ്കൂളിൽ ആർഡർ കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവൺമെണ്ടിനു് അറിവില്ല.

പുതിയ വിദ്യാഭ്യാസപദ്ധതി

*൭൦. (൫) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) വിദ്യാഭ്യാസപദ്ധതി അംഗീകരിക്കാതെയും വിദ്യാലയങ്ങൾ ശരിക്കു നടത്താതെയുമുള്ള സ്ഥലങ്ങളിൽ പുതിയ സ്കൂളുകൾ കിട്ടണമെന്നു കാണിച്ച് അപേക്ഷകൾ കിട്ടിയിട്ടുണ്ടോ;

(ബി) അങ്ങനെ കിട്ടിയിട്ടുള്ള അപേക്ഷകൾ ഏതെങ്കിലും അനുവദിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ശരിക്ക് പഠനം നടക്കാത്ത ചില വിദ്യാലയങ്ങളുടെ സ്ഥാനത്ത് വേറെ വിദ്യാലയങ്ങൾ നടത്തുന്നതിന് അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

(ബി) അങ്ങനെ കിട്ടിയ അപേക്ഷകൾ സ്വീകരിച്ചു വേറെ സ്കൂളുകൾ നടത്തുന്നതിന് അനുവാദം കൊടുത്തിട്ടുണ്ട്.

ശ്രീമതി ദേവകി ഗോപിദാസ്: ഈ വിഷയത്തിൽ ഗവൺമെണ്ടു് എന്തെങ്കിലും നയം പ്രഖ്യാപിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്. എന്തെങ്കിലും സ്കൂളുകൾ നടത്താത്തതുകൊണ്ട് ഒരൊറ്റ കുഞ്ഞിനുപോലും വിദ്യാഭ്യാസം കിട്ടാതെവരികയില്ലെന്ന് പ്രസ്താവിച്ചിട്ടുണ്ട്.

ശ്രീമതി ദേവകി ഗോപിദാസ്: വിദ്യാഭ്യാസപദ്ധതി അംഗീകരിക്കുകയും എന്നാൽ ഫീസ് പിരിവിന്റെ ൫൦ ശതമാനം അടക്കാതിരിക്കുകയും ചെയ്യുന്ന സ്കൂളുകളെപ്പറ്റി എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നാളെ എന്തുചെയ്യാൻ പോകുന്നുവെന്നു് പറയാൻ നിവൃത്തിയില്ല. ഇപ്പോഴത്തെ എന്റെ പ്രവൃത്തി പുരാതനവസ്തുഗവേഷണം പോലെയാണു്.

ശ്രീ. എ. താണുപിള്ള: എത്ര സ്തുകൾ പുതിയതായി അനുവദിച്ചിട്ടുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അഞ്ചു.

പരീക്ഷാചോദ്യക്കടലാസ്

*൭൫. (൯) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഫൈനൽ–ൽ യൂണിവേഴ്സിറ്റിയിലെ പരീക്ഷാചോദ്യക്കടലാസ് പുറത്തായതിനെപ്പറ്റി റിപ്പോർട്ട് ചെയ്യുവാൻ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയോ;

(ബി) എന്താണു് റിപ്പോർട്ടു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഫൈനൽ-ൽ യൂണിവേഴ്സിറ്റിയിലെ പരീക്ഷാചോദ്യക്കടലാസ് പുറത്തായതിനെപ്പറ്റി അന്വേഷിക്കാൻ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടു്.

(ബി) റിപ്പോർട്ടിന്റെ ഉള്ളടക്കം വെളിപ്പെടുത്തിയില്ല. റിപ്പോർട്ടിലെ ശുപാർശകളെ മേൽ നടപടിക്കായി വൈസ്ചാൻസലർക്കു് അയച്ചുകൊടുക്കും.

ശ്രീ. വി. കെ. വർഗ്ഗീസ്: ആ റിപ്പോർട്ട് എപ്പോഴെങ്കിലും വെളിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള: ഇപ്പോഴത്തെ വൈസ്ചാൻസലർ ആരാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ വൈസ്ചാൻസലർ ഇല്ല.

ശ്രീ. എ. താണുപിള്ള: വൈസ്ചാൻസലർ എന്നുണ്ടാകുമെന്നു പറയാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇന്നു എനിക്കു് അതു പറയാൻ സാദ്ധ്യമല്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ചോദ്യക്കടലാസ് പുറത്താക്കിയവരുടെ പേരിൽ എന്തെങ്കിലും നടപടി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്തു നടപടിയാണു് നടത്തേണ്ടതെന്നു തീരുമാനിക്കുന്നതിനാണു് റിപ്പോർട്ട് യൂണിവേഴ്സിറ്റിക്കു അയച്ചുകൊടുക്കുന്നതു്.

ഗവൺമെണ്ടു് പ്രസ്സു് സൂപ്രണ്ടു്

*൭൬. (൨൨) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവനന്തപുരത്തു ഗവൺമെണ്ടു് പ്രസ്സു് സൂപ്രണ്ടിന്റെ സ്ഥാനം ഒഴിവായിട്ടു് എത്ര കാലമായി;

LIBRARY ARCHIVES Kerala Legislative Assembly